"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-കുമാരി കിങ്ങിണി, ചന്ദ്ര വിലാസം, കോക്കോതമംഗലം, തണ്ണീർമുക്കം- ഭവനം നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.313/2022/LSGD തീയതി,തിരുവനന്തപുരം, 12-02-2022

---

പരാമർശം:-

1. തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13/09/2021 ലെ 9(1) നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21/10/2021 ലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021-ലെ 4.81-ാം നമ്പർ തീരുമാനം

<u>ഉത്തരവ്</u>

കുമാരി കിങ്ങിണി, ചന്ദ്രവിലാസം, കൊക്കോതമംഗലം എന്ന ആൾ മാതാവിനൊപ്പം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ വാടകയ്ക്ക് താമസിക്കുകയാണ്. പഞ്ചായത്തിനകത്തും പുറത്തും വാടകയ്ക്ക് മാറി മാറി താമസിച്ചിരുന്നതിനാൽ ടിയാൾ ആശ്രയ ലിസ്റ്റിലും സന്നദ്ധസംഘടന വീട് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചതിനാൽ ലൈഫ് ലിസ്റ്റിലും ഉൾപ്പെട്ടിരുന്നില്ല. ഇവർക്ക് സന്നദ്ധ സംഘടന വീട് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചുവെങ്കിലും തറവരെ മാത്രമേ നിർമ്മിച്ചിരിന്നുള്ളു. എന്നാൽ സംഘടന സ്പോൺസർഷിപ്പിൽ നിന്നും പിന്മാറിയതിനാൽ നിരാലംബരായ ടി കുടുംബത്തിന് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്ന് തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. 18/12/2021- ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തി ന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്ന 20 ശതമാനത്തിനു പുറത്ത് തുക കണ്ടെത്തി ഭവനം നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകുന്നു. നിരാലംബകുടുംബമായതിനാൽ ഭവനനിർമ്മാണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്.
ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ